# മുഖവുര

ആളുകളുടെ എഴുത്തു ലഭിക്കുവാൻ ആഗ്രഹമുള്ളവരാണ് മനുഷ്യർ–പ്രത്യേകിച്ച് പ്രിയപ്പെട്ടവരുടെ. ഫിലിപ്പിയ ലേഖനം ഫിലിപ്പിയ സഭയ്ക്ക് പൗലൊസിൽനിന്നു "സ്നേഹമുള്ള കത്താണ്." ആ ലേഖനം ഫിലിപ്പിയ സഭ വായിച്ചു കേട്ടപ്പോൾ എത്ര ശ്രദ്ധയോടെ അവർ അതു കേട്ടിരിക്കും!

**വസ്തുതകൾ:**
**ലേഖകൻ, തീയതി, സ്ഥലം**

ഏ. ഡി. 60 നും 62 നും ഇടക്ക് ഫിലിപ്പിയ ലേഖനത്തിന്റെ ലേഖകനായ പൗലൊസ് ജാതികളുടെ വലിയ അപ്പൊസ്തലനായിരുന്നു, ഇത് എഴുതുമ്പോൾ അവൻ ഒരുപക്ഷെ റോമൻ തടവിലായിരുന്നേക്കാം (1:13 നോക്കുക). അവന്റെ തടവിലെ അവസാന നാളുകളിൽ എഴുതി എന്നാണ് ലേഖനത്തിലെ പല തെളിവുകളും വ്യക്തമാക്കുന്നത്, അവൻ താമസിക്കാതെ മോചനം പ്രതീക്ഷിക്കുന്നതായും വ്യക്തമാക്കുന്നു (2:24). സ്ഥലം റോം തന്നെയായിരിക്കുവാനാണ് കൂടുതൽ സാധ്യത കാരണം തന്റെ ബന്ധനം സുവിശേഷം നിമിത്തമായിരുന്നു എന്നു "അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായിരിക്കുന്നു" (അവരായിരുന്നു കൈസരിനെ കാത്തിരുന്നത്) എന്നാണ് പൊലൊസ് വിശദമാക്കിയിരിക്കുന്നത് (1:13). കൂടാതെ, "കൈസരുടെ അരമനയിലുള്ളവരുടെ" വന്ദനവും അവൻ അറിയിക്കുന്നു (4:22).[1]

മക്കെദോന്യയിലുള്ള ഒരു പട്ടണമായിരുന്നു ഫിലിപ്പിയ. വലുതല്ലെങ്കിലും, ചരിത്രപ്രാധാന്യമുള്ള പട്ടണമായിരുന്നു അത്. ബി. സി. 338–ൽ ഗ്രീസിനെ യോജിപ്പിക്കുവാനായി ആ പ്രദേശത്തെ സ്വർണ്ണം മക്കെദൊന്യ രാജാവായിരുന്ന ഫിലിപ്പ് II ഉപയോഗിച്ചിരുന്നു. അയാൾ പട്ടണത്തെ തന്റെ പേരുമായി ചേർത്ത് "ഫിലിപ്പിയ" എന്നാക്കി. വർഷങ്ങൾക്കു ശേഷം, ചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധം നടത്തി ഒക്ടേവിയനും മാർക്ക് അന്റണിയും ബ്രൂട്ടസിനേയും കാഷിയസിനേയും പരാജയപ്പെടുത്തി റോമാ സാമ്രാജ്യം നിയന്ത്രണത്തിലാക്കി. ആ വിജയത്തിന്റെ ആദരവായി, ഫിലിപ്പിയ ഒരു റോമൻ കോളനിയാക്കി ഉയർത്തി (പ്രവൃ. 16:12 നോക്കുക). എങ്ങനെയായാലും, ഇന്ന്, ഫിലിപ്പിയ അതിന്റെ ചരിത്രപ്രാധാന്യത്താലല്ല അറിയപ്പെടുന്നത്, കാരണം പൗലൊസ് അവിടെ സുവിശേഷവുമായി പോയി (പ്രവൃ. 16:6–40).

**വികാരം**

**വികാരങ്ങൾ**

പൗലൊസിന്നു പ്രത്യേകതയുള്ളതായിരുന്നു ഫിലിപ്പിയ സഭ. "പൗലൊസിന്റെ ഹൃദയത്തിനു ബോധിച്ച സഭ" എന്നാണ് ആവൻ മലോൺ അതിനെ വിലയിരുത്തിയത്. അവിടെയുള്ള സഭാംഗങ്ങളെ അദ്ധ്യായം 4 ൽ പൗലൊസ് വിളിച്ചത് "എന്റെ പ്രിയരും വാഞ്ഛിതരും ആയ സഹോദരന്മാരേ, ... എന്റെ സന്തോഷവും കിരീടവും ആയുള്ളോരേ" എന്നാണ് (4:1). ഈ ലേഖനത്തിൽ പൗലൊസ് യുക്തിപരമായിട്ടോ, വേദശാസ്ത്രപരമായിട്ടോ അല്ലെങ്കിൽ വിശ്വാ

സത്തിനു വേണ്ടി പോരാടുവാൻ ആവശ്യപ്പെട്ടുമല്ല എഴുതുന്നത്. മറിച്ച്, അവൻ തന്റെ ഹൃദയത്തിൽനിന്നു സ്നേഹിതന്മാർക്ക് എഴുതുകയാണ്.

**ഓർമ്മകൾ**

ഫിലിപ്പിയയിലെ വിശുദ്ധന്മാർക്ക് പൗലൊസ് എഴുതിയപ്പോൾ, വർഷങ്ങളായി തനിക്ക് അവരോടുണ്ടായിരുന്ന ഊഷ്മളമായ ബന്ധത്തെ പ്രതിഫലിപ്പിച്ചിരിക്കണം. ശിലാസുമായി ആരംഭിച്ച രണ്ടാം മിഷ്ണറി യാത്രയിൽ ഇടവകകളെ വീണ്ടും സന്ദർശിച്ച ചിന്തയുമായിട്ടായിരിക്കാം ഒരുപക്ഷെ അവൻ ആരംഭിച്ചത് (പ്രവൃ. 15:36–41). ലുസ്ത്രയിലോ അല്ലെങ്കിൽ ദെർബ്ബയിലോ വെച്ച് യുവാവായിരുന്ന തിമൊഥെയൊസ് അവരുടെ സംഘത്തോട് ചേർന്നിരിക്കാം (പ്രവൃ. 16:1–5). റോമാ റോഡ് മുഖാന്തരം പൗലൊസ് ആസ്യയിലെ റോമാ പ്രവിശ്യയുടെ തലസ്ഥാനമായ എഫെസൊസിലേക്കു പോകുവാൻ ആഗ്രഹിച്ചുവെങ്കിലും പരിശുദ്ധാത്മാവ് അവനെ വിലക്കി (16:6). പിന്നെ അവൻ വടക്ക് ബിഥുന്യയിലേക്കു പോകുവാൻ തുടങ്ങി, അതു തടസപ്പെട്ടു (16:7). ശേഷം അവൻ അയേഗ്യൻ കടലിലെ ഒരു തുറമുഖമായ ത്രോവാസിൽ എത്തി (16:8). അവിടെ വെച്ച് അവനു ഒരു “മക്കെദൊന്യാ വിളി” ലഭിച്ചു. “നീ മക്കെദോന്യയിലേക്ക് വന്നു ഞങ്ങളെ സഹായിക്ക” എന്ന് ദർശനത്തിൽ ഒരു മനുഷ്യൻ പറഞ്ഞു (16:9). അങ്ങനെ വൈദ്യനായ ലൂക്കൊസുമായി[3] ചേർന്ന് ഒരു ചെറിയ സംഘം നവപൊലിയിലേക്ക് പോയി (16:10, 11). അവിടെനിന്ന് അവർ പത്തു മൈൽ കരമാർഗം സഞ്ചരിച്ച് ഫിലിപ്പിയയിലേക്ക് പോയി (16:12).

റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറിന്റേയും കിഴക്കിന്റേയും മുഖ്യ വ്യാവസായിക റൂട്ട് ഉപയോഗിച്ച് അവർ എഗ്നേഷ്യൻ ഉൾക്കടൽ വഴിയായിരിക്കാം ഫിലിപ്പിയയിലേക്ക് പ്രവേശിച്ചത്. റോമൻ കോളനിയായിരുന്ന ഫിലിപ്പിയ റോമിന്റെ ഒരു ചെറിയ പകർപ്പായിരുന്നു. സുവിശേഷ പ്രസംഗത്തിനായിരുന്നു പൗലൊസ് ആദ്യമായി ആ പട്ടണത്തിൽ എത്തിയത്. ഫിലിപ്പിയയിലും അതിനപ്പുറമുള്ള പ്രദേശങ്ങളിലും ശുശ്രൂഷിച്ചപ്പോൾ, “ആദ്യ ദിവസം,” “ആദ്യ സുവിശേഷ പ്രസംഗം” എന്നീ വാക്കുകൾ ഉപയോഗിച്ചിരുന്നു (ഫിലി. 1:5; 4:15).

ഒരു പുതിയ സ്ഥലത്ത് പൗലൊസ് പോകുമ്പോൾ ആദ്യം തന്റെ ശുശ്രൂഷ നടത്തിയിരുന്നത് പള്ളിയിലായിരുന്നു. എന്നാൽ ഒരു പള്ളി ആരംഭിക്കുവാൻ കുറഞ്ഞത് പത്ത് യെഹൂദന്മാരെങ്കിലും വേണം എന്നത് ഫിലിപ്പിയയിൽ ഇല്ലാതിരുന്നതിനാൽ അവിടെ പള്ളിയില്ലായിരുന്നു. എന്നാൽ ടൗണിനു പുറത്ത് ഒരു പുഴയരികിൽ ഏതാനും സ്ത്രീകളുടെ ഒരു കൂട്ടം ദൈവത്തെ ആരാധിക്കുന്നതായി പൗലൊസ് കണ്ടു (പ്രവൃ. 16:13). അവരിൽ ഒരാളായ ലുദിയയെയും അവളുടെ ഭവനത്തെയും അവൻ പഠിപ്പിച്ച് സ്നാനപ്പെടുത്തി (16:14, 15), അങ്ങനെ ഫിലിപ്പിയയിൽ സഭ ആരംഭിച്ചു.

കുറച്ചുനാൾ കഴിഞ്ഞ്, ഒരു ദാസിയായ പെൺകുട്ടിയിൽനിന്നു അശുദ്ധാത്മാവിനെ പുറത്താക്കിയതിനു പൗലൊസിനെ പിടിച്ചു അധികാരികളുടെ അടുക്കലേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി (16:16–21). അവർ അവനെയും ശിലാസിനേയും കോൽ കൊണ്ട് അടിപ്പിച്ചു തടവിലാക്കി (16:22–24). അർദ്ധരാത്രി ഒരു വലിയ ഭൂകമ്പം ഉണ്ടാകുകയും പൗലൊസിനേയും മറ്റു തടവുകാരെയും മോചിപ്പിക്കുകയും ചെയ്തു (16:25, 26). ആ സംഭവത്തിനു ചുറ്റും നടന്ന കാര്യങ്ങൾ കാരാഗൃഹപ്രമാണിയുടെ മനസിനെ മൃദുലമാക്കുകയും അവനോടും അവന്റെ ഭവനത്തിലുള്ളവരോടും സുവിശേഷം അറിയിക്കുന്ന

തിന് അവസരമൊരുക്കുകയും, അവരെ പഠിപ്പിച്ച് സ്നാനപ്പെടുത്തുകയും ചെയ്തു (16:27–34). തൽഫലമായി, ഫിലിപ്പിയയിലെ ചെറിയ സഭയിൽ പുതിയ അംഗങ്ങളുമായി.

അടുത്ത പ്രഭാതത്തിൽ, പൗലൊസിനേയും ശിലാസിനേയും മോചിപ്പിച്ചുവെങ്കിൽ അവിടം വിട്ടുപോകുവാൻ കൽപിച്ചു (16:35–39; 1 തെസ്സ. 2:2 നോക്കുക). ഫിലിപ്പിയയിലെ പുതിയ അംഗങ്ങളെ ഒരിക്കൽ കൂടെ സന്ദർശിച്ച ശേഷം–വേല പൂർത്തിയാക്കുവാനായി–വൈദ്യനായ ലൂക്കൊസിനെ അവിടെ ആക്കിയിട്ട്, പൗലൊസും, ശിലാസും, തിമൊഥെയൊസും അവിടം വിട്ടുപോയി.[4]

കുറച്ച് ആഴ്ച്ചകൾ മാത്രമെ പൗലൊസിനു ഫിലിപ്പിയയിൽ തങ്ങുവാൻ കഴിഞ്ഞിരുന്നുള്ളു. എന്നിരുന്നാലും, പൗലൊസിന്റെ ഉള്ളിൽ അവിടെയുള്ള ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. അവിടം വിട്ടു പോയിട്ടും അവൻ അവരുമായും, അവർ അവനുമായും ബന്ധം പുലർത്തിയിരുന്നു. ഫിലിപ്പിയയിൽനിന്നു പ്രസംഗിക്കുവാൻ പൗലൊസ് തെസ്സലൊനിക്യയിലേക്കാണ് പോയത് (പ്രവൃ. 17:1). ഫിലിപ്പിയർ അവിടെ നിന്നു പൗലൊസിന് സഹായം എത്തിച്ചുകൊടുത്തു (ഫിലി. 4:15, 16). പൗലൊസ് പിന്നെ ചുരുങ്ങിയ രീതിയിൽ, ബെരോവയിലും, അഥേനയിലും പ്രവർത്തിച്ച ശേഷം കൊരിന്ത്യയിലേക്ക് പോയി (പ്രവൃ. 17:10, 15; 18:1). വീണ്ടും ഫിലിപ്പിയയിലെ സഹോദരന്മാർ പൗലൊസിനെ സഹായിച്ചു (2 കൊ. 11:9). വർഷങ്ങളോളം ആ മാതൃക തുടർന്നു (ഫിലി. 1:5).

പൗലൊസിന് അവസരം ലഭിച്ചപ്പോഴെല്ലാം അവൻ പ്രത്യേകമായി ഫിലിപ്പിയയിലെ സഹോദരന്മാരെ സന്ദർശിക്കുവാൻ ശ്രമിച്ചിരുന്നു. എഫെസൊസിലെ മൂന്നു വർഷ താമസശേഷം, അവന്റെ മൂന്നാമത്തെ മിഷ്ണറി യാത്രയിൽ, അവൻ മക്കെദോന്യയിലേക്ക് പോയി (പ്രവൃ. 20:1; 2 കൊ. 2:13; 7:5), അവിടെയായിരുന്നു ഫിലിപ്പിയ. മൂന്നാം മിഷ്ണറി യാത്രയുടെ അവസാനം, അവൻ കൊരിന്ത്യ വിട്ട് യെരുശലേമിലേക്ക് യാത്ര തിരിച്ചു. യെരുശെലേമിലേക്ക് നേരിട്ടുള്ള കപ്പലിൽ കയറുന്നതിനു പകരം, അവൻ ഫിലിപ്പിയയുടെ വടക്കോട്ട് യാത്ര ചെയ്തു (പ്രവൃ. 20:3, 6), അവിടെ വെച്ച് വൈദ്യനായ ലൂക്കൊസ് സംഘത്തോട് ചേർന്നു.

പൗലൊസ് യെരുശലേമിൽ എത്തിയപ്പോൾ, അവനെ പിടിച്ചു (പ്രവൃ. 21:15–26:32). ഏതാനും വർഷത്തെ തടവിനു ശേഷം (24:27), കൈസരുടെ മുമ്പിൽ ഹാജരാകേണ്ടതിന്ന് അവൻ റോമിലേക്ക് പോയി (27:1–28:31). അവിടെ വിചാരണക്കായി കാത്തിരിക്കുമ്പോഴായിരുന്നു അവൻ "തടവുലേഖനങ്ങൾ" എഴുതിയത്. ആ ലേഖനങ്ങളിൽ ഒന്നായിരുന്നു തന്റെ ചിന്തകളിൽ അധികവും മുന്തി നിന്നിരുന്നതു: ഫിലിപ്പിയ ഇടവകയായിരുന്നു. (മറ്റു തടവുലേഖനങ്ങളായിരുന്നു, എഫെസ്യ, കൊലൊസ്യ, ഫിലെമോൻ എന്നിവ; എഫെ 6:20; കൊലൊ. 4:3; ഫിലെ. 10 നോക്കുക.)

**ലക്ഷ്യം**

ഏതൊരു ലേഖനത്തിനുമുള്ള ലക്ഷ്യം സ്നേഹമാണ്; എന്നാൽ ആ ലേഖനങ്ങൾ വായിക്കുമ്പോൾ, പൗലൊസിന്റെ മനസിൽ പല ചിന്തകൾ ഉണ്ടായിരുന്നതായി നമുക്ക് കാണാം. താൻ റോമിൽ ആയിരുന്നപ്പോൾ, ഫിലിപ്പിയ സഭ അയച്ച സഹായമായിരുന്നു അവയിൽ ഒന്ന്. "ഒന്നാം നാൾ മുതൽ ഇതുവ

രെയും സുവിശേഷ ഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ" യെ കുറിച്ചാണ് പൗലൊസ് 1:5 ൽ പറഞ്ഞത്. അവർ അവനുമായി പങ്കിട്ടതിനെ കുറിച്ച് 4:14 ൽ അവൻ പറയുന്നു. സ്പഷ്ടമായും, കുറേ നാളത്തേക്ക് അവർക്ക് അവനുമായി ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്നില്ല (4:10); എന്നാൽ അവൻ എവിടെയാണെന്നും അവന്റെ ആവശ്യങ്ങളെന്തെന്നും അറിഞ്ഞപ്പോൾ, അവർ അവരിൽ ഒരുത്തനായിരുന്ന എപ്പഫ്രാസിനെ അവന്റെ അടുക്കലേക്ക് അയച്ചു. ഫിലിപ്പിയയിൽനിന്നു സഹായം എത്തിച്ചത് എപ്പഫ്രാസ് ആയിരുന്നു; അതിലുപരിയായി, അവൻ വ്യക്തിപരമായി അപ്പൊസ്തലനെ ശുശ്രൂഷിച്ചിരുന്നു (2:25 നോക്കുക). അവർ "എപ്പഫ്രാസ് മുഖാന്തരം അയച്ചു കൊടുത്തത് ലഭിച്ചു" എന്നു പൗലൊസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ അറിയിച്ചു, "നിങ്ങൾ അയച്ചു തന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദകര-മായ യാഗമായി ഞാൻ പ്രതിഗ്രഹിച്ചു" (4:18). പൗലൊസ് അവർക്ക് ലേഖനം എഴുതുവാനുള്ള ഒരു കാരണം ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികൾക്ക് "നന്ദി പ്രകാശിപ്പിക്കുക" എന്നതായിരുന്നു.

അവൻ ലേഖനം എഴുതുവാനുള്ള മറ്റൊരു കാരണം എപ്പഫ്രൊദിത്തൊസുമായി ബന്ധപ്പെട്ടതായിരുന്നു. എപ്പഫ്രൊദിത്തൊസ് റോമിലായിരുന്നപ്പോൾ അവന് മരിക്കത്തക്ക രോഗം ബാധിച്ചു (2:25, 27, 30). അവന്റെ രോഗവിവരം ഫിലിപ്പിയയിലെത്തിയപ്പോൾ അവിടെയുള്ള ക്രിസ്ത്യാനികൾ പരിഭ്രാന്തരായിരുന്നു (2:26). പൗലൊസ് ലേഖനം കൊടുത്തയച്ചും എപ്പഫ്രൊദിത്തൊസിനെ തിരിച്ച് അയച്ചും അവരുടെ മനസുകളെ ആശ്വസിപ്പിച്ചു (2:25, 28). എപ്പഫ്രൊദിത്തൊസ് മടങ്ങി പോയപ്പോൾ ആയിരിക്കാം ഫിലിപ്പിയ ലേഖനം അവന്റെ കയ്യിൽ കൊടുത്തയച്ചത്.

ഫിലിപ്പിയ സഭയെ കുറിച്ചു കരുതുവാൻ പൗലൊസിനു മറ്റൊരു കാരണം ഉണ്ടായിരുന്നു. ഫിലിപ്പിയ പട്ടണത്തിൽ വെച്ച് അവനു മോശമായ അനുഭവമാണുണ്ടായത്, തീർച്ചയായും ഉപദ്രവം തുടർന്നുകൊണ്ടാണിരുന്നത്. ഫിലിപ്പിയയിലുള്ളവർ "എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതിരിപ്പാനാണ്" പൗലൊസ് അപേക്ഷിച്ചത് (1:28). അവൻ തുടർന്ന് എഴുതി, "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല; അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു. നിങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ എന്നെ കുറിച്ചു കേൾക്കുന്നതുമായ അതേ പോരാട്ടം നിങ്ങൾക്കും ഉണ്ടല്ലൊ" (1:29, 30). പൗലൊസ് തന്റെ പദ്ധതികളെ കുറിച്ച് എഴുതി അവരെ ആശ്വസിപ്പിപ്പാൻ ആഗ്രഹിച്ചു. തിമൊഥെയൊസിനെ ഉടനെ അവരുടെ അടുക്കൽ അയക്കുവാനും അവൻ ആഗ്രഹിച്ചു (2:19–23). അവൻ ഉടനെ തടവിൽനിന്നു മോചിതനായി അവരെ ചെന്നു കാണുമെന്നും അവൻ പ്രത്യാശിച്ചിരുന്നു (1:26; 2:24). അവൻ ഉടനെ ജയിൽ മോചിതനാകുമെന്നു പ്രത്യാശിച്ചിരുന്നതായി മറ്റൊരു "തടവു ലേഖനത്തിൽ" പറഞ്ഞിരിക്കുന്നു (ഫിലെ. 22).

ഇതിനിടയിൽ, അവർക്ക് ശക്തിയും ആശ്വാസവും ലഭിക്കുവാനുള്ള ഒരു സന്ദേശം നൽകുവാനും അവൻ ആഗ്രഹിച്ചിരുന്നു. പൗലൊസ് തന്റെ എല്ലാ ലേഖനങ്ങളിലുമെന്ന പോലെ, അവരെ അഭിനന്ദിക്കുവാനും പതിവുപോലെ മറന്നില്ല (1:3–7 നോക്കുക), കൂടാതെ കൽപിക്കുവാനും (2:5), മുന്നറിയിപ്പ് നൽകുവാനും (3:2 നോക്കുക), തിരുത്തുവാനും മറന്നില്ല (4:2).

തിരുത്തലിനെ സംബന്ധിച്ച്, ഫിലിപ്പിയ സഭ വലിയ പ്രശ്നത്തെ നേരിട്ടിരുന്നു എന്നാണ് പല വ്യാഖ്യാതാക്കളും കരുതുന്നത്. "ഏകമനസുള്ളവ

രാകുവാനായിരുന്നു" പൗലൊസ് കൽപിച്ചത് (2:2). ഇടവകയിൽ ഭിന്നത നിറഞ്ഞിരുന്നു എന്നു വ്യാഖ്യാതാക്കൾ സംശയിക്കുവാൻ ഇതു കാരണമായി. കൂടാതെ, അപ്പൊസ്തലൻ തന്റെ വായനക്കാരോട് പറഞ്ഞു, "എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ" (2:14). അതുകൊണ്ട്, എല്ലാ അംഗങ്ങൾക്കും പരാതി ഉണ്ടായിരുന്നു എന്നാണ് അവർ വിചാരിച്ചത്.

ആ ഇടവക അഭിമുഖീകരിച്ച ചില പ്രശ്നങ്ങളെ പൗലൊസ് എടുത്ത് കാണിച്ചിട്ടുണ്ട്: ക്രിസ്തുവിലുള്ള രണ്ട് സഹോദരിമാർക്ക് യോജിച്ചുപോകുവാൻ കഴിഞ്ഞില്ല (4:2), ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിക്കുവാൻ സഭയെ മുന്നറിയിച്ചു (3:2, 18, 19). എങ്കിലും, 1 ഉം 2 ഉം കൊരിന്ത്യലേഖനങ്ങളിൽ ചെയ്തതുപോലെ അവർ നേരിട്ട വിവിധ പ്രശ്നങ്ങളെ തിരുത്തുവാൻ അവൻ ഇവിടെ ശ്രമി*ച്ചില്ല*. അഭിപ്രായ ഭിന്നതകളെയും കക്ഷിവഴക്കുകളെയും കുറിച്ചുള്ള പൗലൊസിന്റെ ഉൽക്കണ്ഠ മനസിലാക്കുവാൻ അവൻ ലേഖനം എഴുതുന്ന പട്ടണത്തെ നോക്കിയാൽ മതി (1:15, 16). റോമാ സഭയിലുണ്ടായിരുന്ന പ്രശ്നം തന്റെ പ്രിയപ്പെട്ട സഭയിൽ ഉണ്ടാകുവാൻ പൗലൊസ് ആഗ്രഹിച്ചില്ല.

## രൂപകൽപന, ബാഹ്യരൂപരേഖ, മുഖ്യ വിഷയങ്ങൾ

### ഒരു ലേഖനം

ഒന്നാമത് ഫിലിപ്പിയർക്കുള്ളത് ഒരു ലേഖനം ആയിരുന്നു, അപ്പോൾ, അത് ഒന്നാം നൂറ്റാണ്ടിലെ എഴുത്തിന്റെ രൂപത്തിലുള്ളതായിരുന്നു. അതിന്റെ പൊതുവായ ചില സ്വഭാവവിശേഷതകൾ ഇതാ:

ലേഖനം തിരിച്ചറിയിക്കൽ: "ക്രിസ്തുയേശുവിന്റെ ദാസ–ന്മാരായ പൗലൊസും തിമൊഥെയൊസും" (1:1).

സംബോധന ചെയ്തവരെ തിരിച്ചറിയിക്കൽ: "ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും" (1:1).

അഭിവാദ്യം: "പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ ക്രിസ്തുയേശുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ" (1:2).

നന്ദി അറിയിക്കൽ: "ഞാൻ നിങ്ങൾക്ക് വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തികൾ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികക്കും എന്നു ഉറപ്പായി വിശ്വസിച്ചിരിക്കുന്നു" (1:3–5; കൂടാതെ വാ. 6–11).

സന്ദേശം: ലേഖനത്തിന്റെ മുഖ്യഭാഗം (1:12–4:20).

വന്ദനങ്ങൾ: കൂടുതൽ അനുഗ്രഹങ്ങളും വന്ദനങ്ങളും ചേർത്ത് ലേഖനത്തിലെ മുഖ്യഭാഗം അവസാനിപ്പിക്കുന്നതു പൊതുവായ പതിവായിരുന്നു (4:21–23).

നാം ഇന്നു ചെയ്യുന്നതുപോലെ ലേഖകന്റെ പേർ അവസാനം വെക്കാതെ എന്തുകൊണ്ടാണ് ആരംഭത്തിൽ വെച്ചത് എന്നു ചിലർ സംശയിച്ചേക്കാം.

അക്കാലത്ത് ലേഖനങ്ങൾ എഴുതിയിരുന്നത് ചുരുളുകളിലായിരുന്നു. പ്രസക്തമായ ലേഖനത്തിലെ ഭാഗങ്ങൾ ചുരുളിൽ ആദ്യം എഴുതുമ്പോൾ, ചുരുൾ നിവർത്തുമ്പോൾ, അത് നിവർത്തുമ്പോൾ തന്നെ, ആരാണ് എഴുതിയത് എന്നും എന്തിനു വേണ്ടി എഴുതി എന്നും ഗുണഭോക്താവിനു മനസിലാകും.

**ബാഹ്യരൂപരേഖ**

ഫിലിപ്പിയർക്ക് എഴുതിയത് ഒരു ലേഖനം മാത്രമായിരുന്നില്ല; അത് ഒരു വ്യക്തിപരമായ ലേഖനമായിരുന്നു. ശ്രദ്ധയോടെ മാറ്റത്തെ കാര്യമാക്കാതെ വിഷയത്തിൽനിന്നു വിഷയത്തിലേക്ക് മാറുകയായിരുന്നു. ഏതൊരു പുസ്തകത്തിന്റെ ബാഹ്യരൂപരേഖയും ഫലപ്രദമായിരിക്കും. എങ്ങനെയായാലും, പല രീതിയിലുള്ള ബാഹ്യരൂപരേഖകൾ ലേഖനത്തെ കുറിച്ച് രൂപപ്പെടുത്തിയിട്ടുണ്ട്. ആവൻ മലോണിന്റെ ബാഹ്യരൂപരേഖയുടെ പ്രത്യേകത ഇതാ:[5]

അദ്ധ്യാ. 1. ക്രിസ്തുവാണ് നമ്മുടെ *ഉദ്ദേശം* (വാ. 21 നോക്കുക).
അദ്ധ്യാ. 2. ക്രിസ്തുവാണ് നമ്മുടെ *മാതൃക* (വാ. 5 നോക്കുക).
അദ്ധ്യാ. 3. ക്രിസ്തുവാണ് നമ്മുടെ *സമ്മാനം* (വാ. 13, 14 നോക്കുക).
അദ്ധ്യാ. 4. ക്രിസ്തുവാണ് നമ്മുടെ *സംഭരണം* (വാ. 13, 19 നോക്കുക).

നാം കാണുവാൻ പോകുന്നതുപോലെ, മനസ് (ചിന്ത) ആണ് ഈ ലേഖനത്തിലെ മുഖ്യ വിഷയം, ഒരു എഴുത്തുകാരൻ തന്റെ ബാഹ്യരുപരേഖയിൽ ആ വിഷയം ഉപയോഗിച്ചിരിക്കുന്നു:[6]

അദ്ധ്യാ. 1. *ഏക മനസ്.*
അദ്ധ്യാ. 2. *കീഴ്പ്പെടുന്ന മനസ്.*
അദ്ധ്യാ. 3. *ആത്മിയ മനസ്.*
അദ്ധ്യാ. 4. *ഭദ്രമായ മനസ്.*

ലേഖനത്തിലെ ഉള്ളടക്കത്തെ എടുക്കുന്നതായിരിക്കാം നല്ല സമീപനം:

പൗലൊസിന്റെ അഭിവാദ്യം (1:1, 2).
നന്ദിയും ഫിലിപ്പിയർക്കു വേണ്ടിയുള്ള പ്രാർത്ഥനയും (1:3–11).
പൗലൊസിന്റെ തടവിനെ കുറിച്ചുള്ള ഉൾക്കാഴ്ച്ചയും–പൊതുവിലുള്ള കഷ്ടതയും (1:12–30).
ക്രിസ്തുവിനെ പോലെ–താഴ്മയും അനുസരണവുമാണ് ഐക്യതക്ക് അനിവാര്യമെന്നു ഉത്തേജിപ്പിച്ചിരിക്കുന്നു (2:1–18). (ഇതാണ് ലേഖനത്തിലെ ഏറ്റവും വലിയ വേദശാസ്ത്രപരമായ ഭാഗം).
ഭാവിയിൽ തിമൊഥെയൊസിനെ അയക്കുവാനുള്ള പദ്ധതിയും, എപ്പഫ്രാസിനെ ഉടനെ അയക്കുവാനുള്ള പദ്ധതിയും (2:19–30).
ദുരുപദേഷ്ടാക്കന്മാർക്കെതിരായുള്ള മുന്നറിയിപ്പുകളും, അനുകരിക്കുവാനുള്ള ശരിയായ മാതൃകയായി പൗലൊസിനെത്തന്നെ പറയുന്നു (3:1–21).
ഐക്യതക്കും, സന്തോഷത്തിനും, ശരിയായ ചിന്തക്കും–പല വിധത്തിലുള്ള പ്രബോധനങ്ങൾ (4:1–9).

അവരുടെ ദാനങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയും തൃപ്തിയെ കുറിച്ച് പഠിപ്പിക്കുകയും ചെയ്തു (4:10–20).
ഉപസംഹാരം–വ്യക്തിപരമായ വന്ദനങ്ങളും അനുഗ്രഹവും (4:21–23).

**വിഷയങ്ങൾ**

ലേഖനത്തിൽ, പല വിഷയങ്ങളും ആവർത്തിച്ചിരിക്കുന്നു. ഒന്ന് "കൂട്ടായ്മ" അല്ലെങ്കിൽ "പങ്കിടൽ" (1:5; 2:1, 25; 4:3, 15). ഊന്നൽ കൊടുത്തിരിക്കുന്ന മറ്റൊന്ന് "മനസ്," "മനോഭാവം" എന്നീ വാക്കുകൾ ഉപയോഗിച്ച് മനസിനെ കുറിച്ചു പറയുന്നതാണ്, (അതായത് "ചിന്തിക്കുക," "അന്വേഷിക്കുക") "ഓർമ്മിക്കുക" എന്നതു ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ, ഉപദ്രവത്തെയും കഷ്ടതയെയും കുറിച്ചുള്ള തത്വം അടിവരയിട്ടു പറയുന്നു.

പ്രബലമായ വിഷയങ്ങളിൽ ഒന്നാണ് "സന്തോഷം." ഫിലിപ്പിയ ലേഖനത്തെ "സന്തോഷ ഗീതം" എന്നു വിളിച്ചിട്ടുണ്ട്.[7] ലേഖനത്തിൽ "സന്തോഷം" "ആനന്ദം" എന്നീ വാക്കുകൾ പതിനഞ്ചു പ്രാവശ്യം കാണാം (കെജെവിയിൽ പതിനാറു പ്രാവശ്യം). ഉദാഹരണത്തിന് ഇതാ ഒരു വേദഭാഗം:

> കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അപേക്ഷിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും (4:4–7).

സന്തോഷവുമായി ബന്ധപ്പെട്ട കൂടുതൽ വാക്കുകൾ "നന്ദി ചെലുത്തൽ," "സമാധാനം," "തൃപ്തിപ്പെട്ട" എന്നിവയാണ്. ഈ ലേഖനത്തെ കുറിച്ചുള്ള പഠനത്തെ "*സന്തോഷപ്രദമായ* ക്രിസ്ത്യാനിത്വം" എന്നു വിളിക്കാം. എങ്കിലും, ഈ സന്തോഷം വെറും "ക്രിയാത്മക മനോഭാവത്തിൽനിന്നുണ്ടാകുന്നത്" അല്ല.[8] മറിച്ച്, ലേഖനം വ്യക്തമാക്കുന്നത് കഷ്ടതയിൽ പോലും–നമ്മുടെ സന്തോഷം–*ക്രിസ്തുവിൽ* വേരൂന്നിയിരിക്കുകയാണ്. "ക്രൂശിക്കപ്പെട്ട യേശുക്രിസ്തു" എന്ന വിഷയം ആണ് ലേഖനത്തിൽ കിനിഞ്ഞിറങ്ങുന്നത്:

"ക്രിസ്തു" എന്ന പേർ തന്നെ ലേഖനത്തിൽ പതിനേഴു പ്രാവശ്യം കാണാം (1:10 നോക്കുക).
"യേശു" എന്ന പേർ ഒരു പ്രാവശ്യം മാത്രമാണുള്ളത് (2:10).
"ക്രിസ്തുയേശു" അല്ലെങ്കിൽ "യേശുക്രിസ്തു" എന്ന് ("കർത്താവ്" എന്നു പറയാതെ) പതിനാറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (1:1 നോക്കുക).
"കർത്താവ്" എന്ന പദവി ഒമ്പതു പ്രാവശ്യം കാണാം (1:14 നോക്കുക).
"കർത്താവായ യേശു" എന്ന സംയോജനം ("ക്രിസ്തു" കൂടാതെ) ഒരു പ്രാവശ്യം മാത്രമാണുള്ളത് (2:19).
"കർത്താവായ യേശുക്രിസ്തു" എന്ന മുഴുവൻ പേർ അല്ലെങ്കിൽ "യേശു

ക്രിസ്തുവായ എന്റെ കർത്താവ്" എന്നു നാല് പ്രാവശ്യം കാണാം (1:2 നോക്കുക). 3:20 ൽ ആ പദവി ഏറ്റവും ഉയർത്തി പറഞ്ഞിരിക്കുന്നു, 3:20–ൽ അത് ഉച്ചസ്ഥായിയിലെത്തിയിരിക്കുന്നു, അവിടെ പൗലൊസ് "രക്ഷകൻ" എന്നും ചേർത്തിരിക്കുന്നു.[9]

യേശുവിന്റെ മരണത്തെയും (3:10, 18 നോക്കുക), കൂടാതെ സുവിശേഷത്തെ കുറിച്ച് ഒമ്പതു വാക്യങ്ങളും പറഞ്ഞിരിക്കുന്നു (1:5 നോക്കുക).[10]

"ക്രിസ്തുവിൽ" അല്ലെങ്കിൽ അതിനു തുല്യമായ പ്രയോഗമാണ് മുഖ്യമായത്; ആ പ്രയോഗം ചുരുങ്ങിയത് പതിനാറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (1:1, 26; 4:4 നോക്കുക). (എൻഏഎസ്ബിയിൽ ചില വാക്യങ്ങൾ തീർച്ചയുള്ളവയല്ല); ഉദാഹരണത്തിന്, 1:13–ൽ അക്ഷരികമായി, ("ക്രിസ്തുവിൽ എന്റെ ബന്ധനം"). "ക്രിസ്തുവിൽ" എന്നത് പൗലൊസിന് ഇഷ്ടമുള്ള പ്രയോഗമായിരുന്നു (റോമർ 3:24; 6:11; 8:1; 9:1). നമുക്ക് കർത്താവിനോടുള്ള ബന്ധത്തെ ബോധ്യമാക്കുവാനാണ് അവൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്[11]–പ്രത്യേകതയുള്ളതും, അടുപ്പമുള്ളതും ആയ ബന്ധത്തെ ആശയവിനിമയം നടത്തുന്നത് "അവന*ിൽ*" എന്നു പറഞ്ഞുകൊണ്ടാണ്. പക്ഷി ആകാശത്തിലും, മൽസ്യം വെള്ളത്തിലും, വൃക്ഷത്തിന്റെ വേർ മണ്ണിലും ഇരിക്കുന്നതുപോലെയാണ് ക്രിസ്ത്യാനി "ക്രിസ്തുവിൽ" വസിക്കുന്നത്. ഒരു ക്രിസ്ത്യാനി തനിക്കു ചുറ്റുമുള്ളവരിൽനിന്നു "വ്യത്യസ്തനാണ്" കാരണം അവൻ യേശുവിന്റെ സാന്നിധ്യം അറിയുന്നവനാണ്.

ഫിലിപ്പിയ ലേഖനത്തെ കുറിച്ചുള്ള പഠനം അത്ഭുതകരമായ ആശ്വാസവും വെല്ലുവിളികളും മുന്നറിയിച്ചിരിക്കുന്നതായി വെളിപ്പെടുത്തുന്നു. ഇന്നത്തെ ക്രിസ്ത്യാനികൾക്ക് വ്യക്തിപരമമായ പ്രബോധനവും ഉത്തേജനവും ആണ് ലേഖനം നൽകുന്നത്.

---

കുറിപ്പുകൾ

[1]പൗലൊസിന്റെ തടവിനെ കുറിച്ചുള്ള കൂടുതൽ ചർച്ചക്ക് ജേയ് ലോക്ഹാർട്ടിന്റെ "എഫെസ്യലേഖനത്തെ" കുറിച്ചുള്ള പഠനത്തിന്റെ ആമുഖം നോക്കുക. [2]ആവൻ മലോൺ, *ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ്* (വെസ്റ്റ് മോൺറോ, ലാ.: ഇന്റർനാഷ്ണൽ വീഡിയോ ബൈബിൾ ലൈസൻസ്, എൻ. ഡി.), 1. [3]വൈദ്യനായ, ലൂക്കൊസ് (കൊലൊ. 4:14), ത്രോവാസിൽ വെച്ച് സംഘത്തിൽ ചേരുകയാണ് കാരണം അവന്റെ വിവരങ്ങൾക്ക് ആ സമയം മുതൽ മാറ്റം വരുകയാണ്, മൂന്നാം വ്യക്തിയിൽനിന്നു ("അവൻ," "അവർ" എന്നാണ്; 16:8 നോക്കുക) ഒന്നാം വ്യക്തിയിലേക്കി തിരിയുന്നു ("ഞങ്ങൾ"; 16:10, 11 നോക്കുക). [4]ഈ തീർപ്പിലെത്തുവാൻ കാരണം, തന്റെ വിവരണത്തിൽ ലൂക്കൊസ് മൂന്നാം വ്യക്തിയിലേക്കു മടങ്ങിപ്പോയി. ("അവർ", "അവൻ"), പൗലൊസ് ഫിലിപ്പിയ വിട്ടപ്പോൾ ആയിരിക്കാം അത് (പ്രവൃ 17:1 നോക്കുക). പൗലൊസ് ഫിലിപ്പിയ വഴി പിന്നെയും കടന്നു പോയപ്പോൾ, ലൂക്കൊസ് ഒന്നാം വ്യക്തിയിലേക്ക് മടങ്ങിയില്ല ("ഞങ്ങൾക്ക്," "ഞങ്ങൾ") (പ്രവൃ 20:6 നോക്കുക). [5]ആവൻ മലോൺ, *പ്രെസ്സ് റ്റു ദ പ്രൈസ്: സ്റ്റഡിസ് ഇൻ ഫിലിപ്പിയൻസ്* (നാഷിലെ: 20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 17–18. [6]വാരൻ ഡബ്ലിയു. വിയേഴ്സ്ബെ, ദ ബൈബിൾ എക്സ്പൊസിഷൻ കമന്ററി, വാല്യം 2 (വീറ്റൺ. Ill.: വിക്റ്റർ ബുക്ക്സ്, 1989), 63. [7]ചോൾസ് ആർ. ഏഡ്മെൺ, *ദ എപ്പിസ്റ്റൽ ഓഫ് പോൾ റ്റു ദ ഫിലിപ്പിയൻ സ്* (ഫിലദെൽഫ്യ: ദ വെസ്റ്റ് മിനിസ്റ്റർ

പ്രസ്സ്, 1932: റീ പ്രിന്റ്. ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 9.
[8]അത്തരം മനോഭാവത്തിന് വിലയേറിയ പരിശ്രമം ആവശ്യമാണ്, ഈ വിഷയത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് സ്വയം–കേന്ദ്രീകൃതമായിട്ടാണ്. പലപ്പോഴും ഊന്നൽകൊടുത്തിരിക്കുന്നത് സ്വയ–പര്യാപ്തതക്കാണ്. ക്രിസ്ത്യാനി സ്വയം–പര്യാപ്തനല്ല,എന്നാൽ ദൈവം–പര്യാപ്തനാക്കുകയാണ്. [9]"ക്രിസ്തു" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ തത്തുല്യമായ എബ്രായ വാക്കാണ് "മശിഹ". രണ്ടിന്റേയും അർത്ഥം "അഭിഷിക്തനാ[യവൻ]". യെഹൂദന്മാർ ആ വാക്ക് രാജാക്കന്മാരെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരുന്നത്. "യേശു" എന്നതിന്റെ ഗ്രീക്ക് വാക്കിന് തുല്യമായ എബ്രായ പദമാണ് "യോശുവ". അത് "യെഹോശുവ" എന്നതിന്റെ ചുരുക്കപ്പേരാണ്, അതിനർത്ഥം "യഹോവ [കർത്താവ്] രക്ഷിക്കുന്നു." കൂറിയോസ് എന്ന വാക്ക് തർജ്ജിമ ചെയ്തതാണ് "കർത്താവ്", അതിനർത്ഥം "കർത്താവ്", "വാഴുന്നവൻ," അല്ലെങ്കിൽ "യജമാനൻ." [10]ഫിലിപ്പിയ ലേഖനത്തിലെ മറ്റു വേദഭാഗങ്ങളിൽ നിന്ന് ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധം ഊന്നിപ്പറയാം. നാം അവനി "ൽ", അവ "ന്റെ", അവനോടു "കൂടെ"; അവനു "പകരം" നാം കാര്യങ്ങൾ ചെയ്യുന്നു.

[11]എൻഐവിയിൽ 2:1 തർജ്ജിമ ചെയ്തിരിക്കുന്നത് "ക്രിസ്തുവിൽ" എന്നത് "ക്രിസ്തുവിനോടു യോജിക്കുക" എന്ന അർത്ഥത്തിലാണ്. സിജെബി തർജ്ജിമചെയ്തിരിക്കുന്നത് "ക്രിസ്തുവിൽ" എന്നത് "മശിഹയോട് ചേർന്ന്" എന്നാണ്.

## വിപുലീകരിച്ച ബാഹ്യരൂപരേഖ

I. ലേഖനം തുടങ്ങി (1:1–11)
- എ. അഭിവാദ്യം (1:1, 2)
- ബി. നന്ദിചെലുത്തലും പ്രാർത്ഥനയും (1:3–11)

II. പ്രയാസങ്ങൾ പരിശോധിച്ചു (1:12–30)
- ഏ. പൗലൊസിന്റെ തടവ് (1:12–26)
  1. സുവിശേഷത്തിന് തടസം വന്നില്ല (1:12–20)
  2. ജീവനും മരണവും തിരഞ്ഞെടുക്കുവാനുള്ള അവസരം ഒരുക്കി (1:21–26)
- ബി. ഫിലിപ്പിയരുടെ കഷ്ടത (1:27–30)

III. ഐക്യത പ്രതീക്ഷിച്ചു (2:1–18)
- ഏ. താഴ്മയുടേയും അനുസരണത്തിന്റേയും ആവശ്യം (2:1–4)
- ബി. താഴ്മയുടേയും അനുസരണത്തിന്റേയും ഉദാഹരണം (2:5–11)
- സി. താഴ്മക്കും അനുസരണത്തിനുമുള്ള അപേക്ഷ (2:12–18)

IV. പദ്ധതികൾ വിശദീകരിച്ചു (2:19–30)
- ഏ. ഭാവിയിൽ തിമൊഥെയൊസിനെ അവരുടെ അടുക്കൽ അയക്കുവാൻ പദ്ധതിയിട്ടു (2:19–24)
- ബി. എപ്പഫ്രൊദിത്തൊസിനെ ഉടനെ അവരുടെ അടുക്കൽ അയക്കുവാൻ പദ്ധതിയിട്ടു (2:25–30)

V. ദുഷ്ടത വെളിപ്പെടുത്തി (3:1–4:1)

- ഏ. ദുരുപദേഷ്ടാക്കന്മാർക്കെതിരായ മുന്നറിയിപ്പ് (3:1–16)
    1. യെഹൂദ ഉപദേഷ്ടാക്കന്മാരിൽ പൗലൊസ് കുറ്റം ആരോപിക്കുന്നു (3:1–3)
    2. യെഹൂദ മതത്തിൽനിന്നായിരുന്നു പൗലൊസ് ക്രിസ്തുവിനെ തിരഞ്ഞെടുത്തത് (3:4–11)
    3. ലക്ഷ്യം–തെറ്റാത്ത പൗലൊസിന്റെ ഉന്നം (3:12–16)
- ബി. അധാർമ്മിക സ്വാധീനത്തിനെതിരായ മുന്നറിയിപ്പ് (3:17–4:1)

VI. പ്രബോധനങ്ങൾ പ്രകടിപ്പിച്ചു (4:2–9)
- ഏ. യോജിപ്പിന്റെ ആവശ്യം (4:2, 3)
- ബി. സന്തോഷത്തിനുള്ള കാരണം (4:4–7)
- സി. ക്രിസ്ത്യാനികളായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഉള്ള കാരണം (4:8, 9)

VII. നന്ദി വിപുലമാക്കി (4:10–20)
- ഏ. നന്ദി പറയുവാൻ തുടങ്ങി (4:10)
- ബി. പൗലൊസിന്റെ തൃപ്തിയുടെ “രഹസ്യം” (4:11–13)
- സി. നന്ദി തുടരുന്നു (4:14–18)
- ഡി. ദൈവത്തെ മഹത്വപ്പെടുത്തി (4:19, 20)

VIII. ലേഖനം അവസാനിപ്പിച്ചു (4:21–23)
- ഏ. വ്യക്തിപരമായ വന്ദനങ്ങൾ (4:21, 22)
- ബി. അവസാനിപ്പിക്കുന്ന ആശിർവാദം (4:23)